തദ്ദേശ സ്വയംഭരണ വകുപ്പ്
കേരള സർക്കാർ

● പുസ്തകം 1 ● ലക്കം 1 ● ജനുവരി 2008

# നഗരവാർത്ത

കേരള സുസ്ഥിര നഗര വികസന പദ്ധതി പ്രസിദ്ധീകരണം



## ആശംസ

കേരള സുസ്ഥിര നഗര വികസന പ്രോജക്ടിന്റെ ആഭിമുഖ്യത്തിൽ *നഗരവാർത്ത* എന്ന പേരിൽ പ്രതിമാസ ന്യൂസ് ലെറ്റർ പ്രസിദ്ധീകരിക്കുന്നുവെന്നറിയുന്നതിൽ സന്തോഷം.

പ്രോജക്ടിന് കീഴിൽ നടപ്പാക്കുന്ന വിവിധ വികസനപദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ ഉൾക്കൊള്ളുന്നതാവുമിതെന്ന് കരുതുന്നു.

ഈ സംരംഭത്തിന് വിജയാശംസകൾ.

**വി.എസ്. അച്യുതാനന്ദൻ**
**മുഖ്യമന്ത്രി**



## ആശംസ

നമ്മുടെ നഗരങ്ങളിൽ വലിയ തോതിലുള്ള വികസന പദ്ധതികൾ ആരംഭിച്ചിരിക്കുകയാണ്. കേരള ഗവൺമെന്റിന്റെ ഭാവനാപൂർണ്ണമായ നടപടികളാണ് ഈ മാറ്റത്തിന് കാരണം.

ഏഷ്യൻ വികസന ബാങ്കിന്റെ സഹായത്തോടെ അഞ്ചു കോർപ്പറേഷനുകളിലും സുസ്ഥിര നഗരവികസന പദ്ധതി നടപ്പാക്കുകയാണ്. കഴിഞ്ഞ പത്തു വർഷത്തെ നിരന്തരമായ ചർച്ചയുടേയും സമരങ്ങളുടേയും പരിണിത ഫലമാണ് ഈ പദ്ധതി. നമ്മുടെ നഗരങ്ങളുടെ സ്ഥിതി ഇപ്പോൾ പരമ ദയനീയമാണ്. ഈ സ്ഥിതിക്ക് ഒരു മാറ്റം വരുത്താൻ സുസ്ഥിര നഗരവികസന പദ്ധതിക്ക് കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ജലവിതരണം, ഡ്രെയിനേജ്, ഖരമാലിന്യ സംസ്ക്കരണം, റോഡും ഗതാഗതവും, പരിസ്ഥിതി സംരക്ഷണം എന്നിവയ്ക്ക് വേണ്ടിയാണ് ഈ പ്രോജക്ട്. നഗര മാനേജ്മെന്റ്, നാഗരിക സേവന ലഭ്യത, ദാരിദ്ര്യലഘൂകരണം എന്നിവയ്ക്കുള്ള നഗരസഭകളുടെ ശേഷി വർദ്ധിപ്പിക്കലും പ്രോജക്ടിന്റെ ലക്ഷ്യമാണ്. നഗരങ്ങളിലെ ദാരിദ്ര്യം കുറയ്ക്കാനും പദ്ധതി ലക്ഷ്യമിടുന്നു.

നഗരവാസികൾ വളരെ പ്രതീക്ഷയോടെയാണ് ഈ പദ്ധതികളെ നോക്കിക്കാണുന്നത്. ഏതു പദ്ധതിയുടേയും ഗുണഭോക്താക്കൾ ജനങ്ങളാണ്. പദ്ധതിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ജനങ്ങളെ അറിയിക്കുന്നത് പദ്ധതി നടത്തിപ്പിൽ അവരെ പങ്കാളികളാക്കുന്നതിന് സഹായകമാകും. ഈ സാഹചര്യത്തിൽ കെ.എസ്.യു. ഡി.പി.യുടെ നേതൃത്വത്തിൽ *നഗരവാർത്ത* എന്ന പേരിൽ ഒരു പത്രിക പ്രസിദ്ധീകരിക്കാൻ തീരുമാനിച്ചത് ഉചിതമായി. ഈ സംരംഭത്തിന് എല്ലാ ഭാവുകങ്ങളും നേരുന്നു.

**പാലോളി മുഹമ്മദ് കുട്ടി**
**തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി**

# കേരള സുസ്ഥിര നഗര വികസന പദ്ധതി

**കേ**രള സർക്കാർ ഏഷ്യൻ വികസന ബാങ്കിന്റെ സഹായത്തോടെ ആവിഷ്കരിച്ചിട്ടുള്ള കേരള സുസ്ഥിര നഗര വികസന പദ്ധതി കേരളത്തിലെ അഞ്ച് കോർപ്പറേഷനുകളിൽ – തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശൂർ, കോഴിക്കോട് – ആണ് നടപ്പിലാക്കുന്നത്. തിരുവനന്തപുരം, കൊച്ചി കോർപ്പറേഷനുകളിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ ജവഹർലാൽ നെഹ്റു ദേശീയ നഗര പുനരുദ്ധാരണ മിഷന്റെ (JNNURM) പ്രവർത്തനവുമായി സംയോജിപ്പിച്ചാണ് പദ്ധതി നടപ്പാക്കുന്നത്.

നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങളുടെ വികസനവും വ്യാപനവും ആണ് പദ്ധതി കൊണ്ട് പ്രധാനമായും ഉദ്ദേശിക്കുന്നത്.

സുരക്ഷിതമായ കുടിവെള്ള സംഭരണവും വിതരണവും, ഖര-ദ്രവ മാലിന്യങ്ങളുടെ ശാസ്ത്രീയമായ നിർമ്മാർജ്ജനം, നഗര ദാരിദ്ര്യ ലഘൂകരണം, ഗതാഗത യോഗ്യമല്ലാത്ത തിരഞ്ഞെടുക്കപ്പെട്ട റോഡുകളുടെ പുനരുദ്ധാരണം, ഇടുങ്ങിയ ജംഗ്ഷനുകളുടെ വീതികൂട്ടലും നവീകരണവും തുടങ്ങി നഗര പ്രദേശങ്ങളുടെ സമ്പൂർണ്ണവും സുസ്ഥിരവുമായ വളർച്ചയ്ക്ക് ഉതകുന്ന വിധമാണ് പദ്ധതി രൂപകല്പന ചെയ്തിരിക്കുന്നത്.

സുസ്ഥിര നഗര വികസന പദ്ധതിയുടെ കീഴിൽ വരുന്ന വിവിധ ഘടകങ്ങളും അവയ്ക്കു വകയിരുത്തിയിരിക്കുന്ന തുകയും ചുവടെ ചേർക്കുന്നു

| | | | |
|---|---|---|---|
| 1. | ഇൻഫ്രാസ്ട്രക്ച്ചർ | - | 650.39 കോടി രൂപ |
| 2. | ലോക്കൽ ഗവൺമെന്റ് ഡെവലപ്പ്മെന്റ് ഫണ്ട് | - | 243.58 ,, |
| 3. | നികുതിയും മറ്റിനങ്ങളും | - | 210.42 ,, |
| 4. | പലിശ | - | 131.67 ,, |
| 5. | ദാരിദ്ര്യനിർമ്മാർജ്ജനം | - | 101.25 ,, |
| 6. | ദേശീയ-പ്രദേശിക കൺസൾട്ടന്റ്സ് | - | 47.80 ,, |
| 7. | ഗവേഷണം, പരിശീലനം, ഭരണ നിർവഹണം | - | 23.47 ,, |
| 8. | സാങ്കേതിക സഹായം | - | 5.20 ,, |
| 9. | ഭൂമി ഏറ്റെടുക്കൽ | - | 6.53 ,, |
| | ആകെ | - | 1420.30 കോടി രൂപ |




തദ്ദേശഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനും സേവനങ്ങളുടെ ശേഷി വർദ്ധിപ്പിക്കുന്നതിനും സാമൂഹിക പങ്കാളിത്തത്തോടെയുള്ള സമീപനവും പദ്ധതി ലക്ഷ്യമിടുന്നുണ്ട്.

അന്തിമ വിശകലനത്തിൽ നഗര ജീവിത സൗകര്യങ്ങളും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുക നഗരത്തിന്റെ പ്രാന്തപ്രദേശങ്ങളിൽ ദാരിദ്ര്യ ദുരിതമനുഭവിക്കുന്ന ജനവിഭാഗത്തിന്റെ ഉന്നമനം ഉറപ്പാക്കുക എന്നിവയാണ് ഈ പദ്ധതിയുടെ മുഖ്യ ലക്ഷ്യങ്ങൾ. സിറ്റി കോർപ്പറേഷനുകളിലൂടെ നടപ്പാക്കുന്ന ഈ പദ്ധതിയുടെ ചുമതല കേരള സർക്കാരിന്റെ തദ്ദേശ സ്വയംഭരണവകുപ്പിനാണ്.

# നഗരസാമൂഹിക വികസന പദ്ധതി ഉദ്ഘാടനം ചെയ്തു

**കേ**രള സുസ്ഥിര നഗര വികസന പദ്ധതിയുടെ ഭാഗമായ സമഗ്ര വികസന പദ്ധതിയുടെ ആദ്യഘട്ടമായി കൊല്ലം കോർപ്പറേഷനിലെ 10 ചേരികളിൽ നടപ്പാക്കുന്ന പ്രവർത്തനങ്ങളുടെ ഉദ്ഘാടനം തൊഴിൽ എക്സൈസ് മന്ത്രി പി.കെ. ഗുരുദാസൻ നിർവഹിച്ചു. കൊല്ലം കോർപ്പറേഷനിലെ 4 ചേരികളുടെ സമഗ്ര വികസനമാണ് പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്നത്.

കോയിക്കൽ ഡിവിഷനിലെ മുല്ല ശ്ശേരി ചേരിയിൽ നടന്ന ചടങ്ങിൽ മേയർ എൻ. പത്മലോചനൻ അദ്ധ്യക്ഷനായിരുന്നു. ഡെപ്യൂട്ടി മേയർ എൻ. രാജൻ, കെ.എസ്.യു.ഡി.പി. പ്രോക്യുർമെന്റ് ഓഫീസർ ചാൾസ്, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്മാരായ ഡി. രാധാകൃഷ്ണൻ, പ്രസന്ന ഏണസ്റ്റ്, ഒ. രാജേഷ്, വി. രാജേന്ദ്രബാബു, കൗൺസിലർമാരായ ജോർജ് ഡി. കാട്ടിൽ, അനിത എന്നിവർ സംസാരിച്ചു.



കേരള സുസ്ഥിര നഗര വികസന പദ്ധതിയുടെ ഭാഗമായി കൊല്ലം കോർപ്പറേഷനിൽ നടപ്പാക്കുന്ന നഗരസാമൂഹിക വികസന പദ്ധതിയുടെ ഉദ്ഘാടനം ഒക്ടോബർ 17ന് കോയിക്കൽ ഡിവിഷനിലെ മുല്ലശേരി ചേരിയിൽ തൊഴിൽ എക്സൈസ് മന്ത്രി പി. കെ. ഗുരുദാസൻ നിർവഹിക്കുന്നു. സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപെഴ്സൺ വി. രാജേന്ദ്രബാബു, പ്രതിപക്ഷ നേതാവ് ജോർജ് ഡി. കാട്ടിൽ, മേയർ എൻ പത്മലോചനൻ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപെഴ്സൺമാരായ ഒ. രാജേഷ്, പ്രസന്ന ഏണസ്റ്റ്, ഡെപ്യൂട്ടി മേയർ എൻ. രാജൻ, കൗൺസിലർ എൻ. അനിത, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപെഴ്സൺ ഡി. രാധാകൃഷ്ണൻ എന്നിവരാണ് വേദിയിൽ.

പ്രോജക്ട് മാനേജർ എബ്രഹാം സഖറിയ റിപ്പോർട്ട് അവതരിപ്പിച്ചു. ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ പി. ഉണ്ണികൃഷ്ണപിള്ള സ്വാഗതവും കോർപ്പറേഷൻ സെക്രട്ടറി എ.കെ. ശശികല നന്ദിയും പറഞ്ഞു.

## സുസ്ഥിര നഗര വികസന പദ്ധതിയുടെ ഘടകങ്ങൾ

### നഗരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനവും സേവനങ്ങളും

**അ**ടിസ്ഥാന സൗകര്യങ്ങളുടെ വികസനമാണ് നഗരങ്ങളെ പുരോഗതിയിലേക്ക് നയിക്കുന്നത്. ഈ പദ്ധതിയിൽ 650.39 കോടി രൂപയാണ് വകകൊള്ളിച്ചിട്ടുള്ളത്. താഴെപ്പറയുന്നവയാണ് അടിസ്ഥാന സൗകര്യങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

1. **ശുദ്ധജലവിതരണം**

തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങൾ ഒഴികെയുള്ള മറ്റ് മൂന്ന് നഗരങ്ങളിലാണ് പദ്ധതി നടപ്പാക്കുന്നത്. ഇതിലേക്കായി 127.17 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. നഗരങ്ങൾ അഭിമുഖീകരിക്കുന്ന പ്രധാന വെല്ലുവിളിയാണ് ശുദ്ധജല ലഭ്യത. പൊതുജനങ്ങളുടെ അടിസ്ഥാന ആവശ്യമായ ശുദ്ധജല വിതരണത്തിനായി ശാസ്ത്രീയമായ പദ്ധതി തയ്യാറാക്കി നടപ്പാക്കാനാണ് ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. നിലവിലുള്ള ശുദ്ധജല സ്രോതസ്സുകൾ നവീകരിക്കുകയും പുതിയവ കണ്ടെത്തുകയും ശാസ്ത്രീയമായ വിതരണ സമ്പ്രദായം ഏർപ്പെടുത്തുകയും ചെയ്യും.

തിരുവനന്തപുരം




മേഖലകൾ

സിവറേജ് & സാനിട്ടേഷൻ
സ്റ്റോം വാട്ടർ ഡ്രെയിനേജ്
റോഡ് വികസനം

കൊല്ലം




മേഖലകൾ

ജലവിതരണം
സ്വിവറേജ് & സാനിട്ടേഷൻ
സ്റ്റോം വാട്ടർ ഡ്രെയിനേജ്
ഖരമാലിന്യ നിർമാർജനം
റോഡ് വികസനം

2. **സ്വിവറേജ് & സാനിട്ടേഷൻ**

സംസ്ഥാനത്തെ അഞ്ച് കോർപ്പറേഷനുകളിലും നടപ്പിലാക്കുന്ന ഈ പദ്ധതിക്കായി 280.33 കോടി രൂപ വകകൊള്ളിച്ചിട്ടുണ്ട്. പരിസ്ഥിതിക്കനുയോജ്യമായ രീതിയിൽ കാര്യക്ഷമമായ ഖര/ദ്രവ മാലിന്യ നിർമാർജന സംവിധാനമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. പരമ്പരാഗതമായ സെപ്റ്റിക് ടാങ്ക് സമ്പ്രദായത്തിനുപകരം നഗരപ്രദേശത്ത് പൊതുജന പങ്കാളിത്തത്തോടെ പുതിയ സമ്പ്രദായം ആവിഷ്ക്കരിക്കാനും വിശദമായ ഗവേഷണ/ സർവ്വേകളിലൂടെ പദ്ധതി തയ്യാറാക്കി നടപ്പാക്കാനുമാണ് വിഭാവനം ചെയ്യുന്നത്.

3. **സ്റ്റോം വാട്ടർ ഡ്രെയിനേജ്**

ഈ ഇനത്തിൽ 83.64 കോടി രൂപയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. വിശദമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കി, നിലവിലുള്ള ഓടകൾ/അഴുക്കുചാലുകൾ നവീകരിച്ചും, പുതിയവ നിർമ്മിച്ചും മഴ വെള്ളത്തിന്റെയും ദ്രവ മാലിന്യത്തിന്റെയും ഒഴുക്ക് ക്രമീകരിച്ച് ഏത് പ്രതികൂല സാഹചര്യത്തിലും നഗര സൗന്ദര്യവും ഭംഗിയും നിലനിർത്താൻ ഈ പദ്ധതി സഹായിക്കും.

4. **ഖരമാലിന്യ നിർമ്മാർജ്ജനം**

തിരുവനന്തപുരം ഒഴികെയുള്ള മറ്റ് നാല് കോർപ്പറേഷനുകളും ഉൾപ്പെടുന്ന ഈ പദ്ധതിയിൽ 32.94 കോടി രൂപയാണ് വകകൊള്ളിച്ചിട്ടുള്ളത്. തിരുവനന്തപുരം നഗരത്തിലെ ഖരമാലിന്യ നിർമ്മാർജ്ജന പദ്ധതി ജവഹർ ലാൽ നെഹ്റു നഗര പുനരുദ്ധാരണ പദ്ധതിക്ക് കീഴിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

ഖരമാലിന്യ നിർമ്മാർജ്ജനത്തിന് പൊതുജന പങ്കാളിത്തത്തോടെ വിശദമായ പദ്ധതിയാണ് തയ്യാറാക്കുന്നത്.

ആദ്യഘട്ടമായി ബോധവൽക്കരണമാണ് നടത്തേണ്ടത്. തൊഴിൽരഹിതരായ ദരിദ്രകുടുംബങ്ങളിലെ വനിതകൾക്ക് തൊഴിലുറപ്പാക്കുക എന്ന ലക്ഷ്യവും കൂടി മുന്നിൽ കണ്ടു കൊണ്ട് അവരെ കൂടി ഉൾപ്പെടുത്തി വീടുവീടാന്തരം കയറിയുള്ള ഖരമാലിന്യ ശേഖരണമാണ് അടുത്തത്. ഇതിൽ വീടുകൾ കൂടാതെ വ്യാപാര സ്ഥാപനങ്ങൾ, മാർക്കറ്റുകൾ, കശാപ്പ് ശാലകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയും ഉൾപ്പെടും. ഇങ്ങനെ ശേഖരിച്ച ഖരമാലിന്യത്തെ ജൈവ/ അജൈവങ്ങളായി (പുനരുപയോഗിക്കാവുന്നതും അല്ലാത്തതും) തരംതിരിക്കുകയാണ് അടുത്ത ഘട്ടം. തരം തിരിച്ച മാലിന്യങ്ങൾ ഒരു ഇടത്താവളത്തിൽ ശേഖരിക്കണം. പിന്നീട് സംസ്കരണത്തിനായി ഏറ്റെടുത്ത സ്ഥലത്തേക്ക് കൊണ്ടു പോകുകയും ജൈവവളം, ഗ്യാസ്, മണ്ണിരകമ്പോസ്റ്റ് മുതലായവയായി സംസ്ക്കരിക്കുകയും ചെയ്യുന്നു. കൃത്യമായ മാസ്റ്റർ പ്ലാനോടുകൂടി മുന്നോട്ട് പോകേണ്ട ബൃഹത്തായ പദ്ധതിയാണിത്.

5. **റോഡുകൾ**

സംസ്ഥാനത്തെ അഞ്ച് നഗരങ്ങളെയും ഉൾപ്പെടുത്തി വിശദമായ പദ്ധതി തയ്യാറാക്കി നടപ്പിലാക്കാനുദ്ദേശിക്കുന്ന ഈ പദ്ധതിക്കായി 126.31 കോടി രൂപ നീക്കി വച്ചിട്ടുണ്ട്.

കൊച്ചി




മേഖലകൾ

ജലവിതരണം
സ്വിവറേജ് & സാനിട്ടേഷൻ
സ്റ്റോം വാട്ടർ ഡ്രെയിനേജ്
ഖരമാലിന്യ നിർമാർജന ഉപകരണം
റോഡ് വികസനം

# പദ്ധതി നിർവഹണ ഘടന

സുസ്ഥിര നഗര വികസന പദ്ധതിയുടെ ഭാഗമായി നടപ്പാക്കേണ്ട പദ്ധതികളെപ്പറ്റി (രൂപീകരണവും നിർവഹണവും) നയപരമായ തീരുമാനങ്ങളെടുക്കുന്നതിനും നിരീക്ഷണത്തിനും വേണ്ടി സംസ്ഥാനതലത്തിലും കോർപ്പറേഷൻ തലത്തിലും വിവിധ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

### 1. എംപവേർഡ് കമ്മിറ്റി

സംസ്ഥാന തലത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി അദ്ധ്യക്ഷനായ എംപവേർഡ് കമ്മിറ്റിയിൽ താഴെ പ്പറയുന്നവർ അംഗങ്ങളാണ്.

1. ചീഫ് സെക്രട്ടറി- വൈസ് ചെയർപെഴ്സൺ
2. അഡീഷണൽ ചീഫ് സെക്രട്ടറി
3. പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്
4. പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യം
5. പ്രിൻസിപ്പൽ സെക്രട്ടറി, പ്ലാനിംഗ്
6. പ്രിൻസിപ്പൽ സെക്രട്ടറി, വാട്ടർ റിസോഴ്സസ്
7. സെക്രട്ടറി, തദ്ദേശ സ്വയംഭരണവകുപ്പ്
8. സെക്രട്ടറി, ജലസേചനം
9. സെക്രട്ടറി, പൊതുമരാമത്ത്
10. സെക്രട്ടറി, എം.ജി.പി
11. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
12. ഡയറക്ടർ, അർബൻ അഫയേഴ്സ്
13. എല്ലാ കോർപ്പറേഷൻ മേയർമാരും
14. പ്രോജക്ട് ഡയറക്ടർ, കെ.എസ്.യു.ഡി.പി. - മെമ്പർ സെക്രട്ടറി

**കോഴിക്കോട്**



**മേഖലകൾ**

സിവറേജ് & സാനിട്ടേഷൻ
സ്റ്റോം വാട്ടർ ഡ്രെയിനേജ്
ഖരമാലിന്യ നിർമാർജനം
റോഡ് വികസനം

**തൃശൂർ**




**മേഖലകൾ**

ജലവിതരണം
സിവറേജ് & സാനിട്ടേഷൻ
സ്റ്റോം വാട്ടർ ഡ്രെയിനേജ്
ഖരമാലിന്യ നിർമാർജനം
റോഡ് വികസനം

നഗരസഭകൾക്കു വേണ്ടി തയ്യാറാക്കുന്ന വിവിധ പദ്ധതികൾക്ക് അംഗീകാരം നല്കുക, കെ.എസ്.യു.ഡി.പി. പദ്ധതികളുടെ വാർഷിക അവലോകനം, പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിലും പ്രോജക്ട് നിർവഹണ യൂണിറ്റിലും വിവിധ തസ്തികകളിൽ നിയമനം നടത്തുക, സ്റ്റാൻഡേർഡ് ബിഡ്ഡിംഗ് ഡോക്കുമെന്റ് അംഗീകരിക്കുക, മറ്റ് കമ്മിറ്റികൾ രൂപീകരിക്കുക, നിരീക്ഷണം തുടങ്ങിയ ചുമതലകളാണ് എംപവേർഡ് കമ്മിറ്റിക്കുള്ളത്. കേരള സുസ്ഥിര നഗര വികസന പദ്ധതിയുടെ ഭാഗമായിട്ടുള്ള എല്ലാ പ്രവർത്തനങ്ങളും കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായിരിക്കും. പദ്ധതിയുടെ ദൈനംദിന പ്രവർത്തനം ഷെഡ്യൂളനുസരിച്ചാണോ നടക്കുന്നത് എന്ന് നിരീക്ഷിക്കുന്നതും ഈ കമ്മിറ്റിയായിരിക്കും.

### 2. സിറ്റി ലെവൽ സ്റ്റിയറിംഗ് കമ്മിറ്റി

കോർപ്പറേഷൻ തലത്തിലാണ് ഈ കമ്മിറ്റി പ്രവർത്തിക്കുക. അതത് കോർപ്പറേഷനുകളിലെ പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തുക, പദ്ധതി നിർവഹണ യുണിറ്റിനു വേണ്ട നിർദ്ദേശങ്ങൾ നല്കുക എന്നിവയാണ് ഈ കമ്മിറ്റിയുടെ പ്രധാന ചുമതലകൾ. സിറ്റി ലെവൽ സ്റ്റിയറിംഗ് കമ്മിറ്റിയിൽ ചുവടെ പറയുന്ന അംഗങ്ങളാണുള്ളത്.

1. മേയർ - ചെയർപെഴ്സൺ
2. ജില്ലാ കളക്ടർ
3. ബന്ധപ്പെട്ട വകുപ്പുകളുടെ പ്രതിനിധികൾ
4. എല്ലാ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപെഴ്സൺസ്
5. സാമൂഹ്യാധിഷ്ഠിത സംഘടനകളുടെ പ്രതിനിധികൾ




കേരളത്തിലെ നഗര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനം പരിചയപ്പെടുത്തുന്നതിനായി കേരള സുസ്ഥിര നഗര വികസന പദ്ധതിയും നഗരഭരണ വകുപ്പും ചേർന്ന് സംഘടിപ്പിച്ച പ്രാദേശിക ശിൽപശാല ജൂലൈ 26 ന് തൃശ്ശൂരിൽ മേയർ ആർ.ബിന്ദു ഉദ്ഘാടനം ചെയ്യുന്നു. ട്രെയിനിംഗ് ഓഫീസർ വി.ടി. ജോസഫ്, മുനിസിപ്പൽ ഫിനാൻസ് ഓഫീസർ മുരളീധരൻ എന്നിവരാണ് വേദിയിൽ

6. കോർപ്പറേഷൻ സെക്രട്ടറി - കൺവീനർ
7. കൗൺസിൽ നോമിനേറ്റ് ചെയ്യുന്ന രണ്ട് കൗൺസിലർമാർ

മേൽപ്പറഞ്ഞ ഓരോ കമ്മിറ്റിയും കാലാകാലങ്ങളിലെ പദ്ധതിയുടെ പുരോഗതി സംബന്ധിച്ച അവലോകനം നടത്തുകയും വേണ്ട മാർഗ നിർദ്ദേശം നല്കി മുന്നോട്ട് നയിക്കുകയുമാണ് ലക്ഷ്യമിടുന്നത്.

### പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ്

സംസ്ഥാനതലത്തിൽ പദ്ധതിയുടെ നിർവഹണത്തിന് നേതൃത്വം നൽകാൻ ഉദ്ദേശിച്ചിട്ടുള്ള ഉദ്യോഗസ്ഥ സംവിധാനമാണ് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ്.

ഒരു പ്രോജക്ട് ഡയറക്ടറും അതത് വിഷയങ്ങളിലെ സാങ്കേതിക വിദഗ്ദ്ധരും ഉൾപ്പെടുന്നതാണ് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ്.

## പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിന്റെ ഉത്തരവാദിത്വങ്ങൾ

1. സാങ്കേതിക സഹായ യൂണിറ്റിനെയും രണ്ട് ഡിസൈൻ & സൂപ്പർവൈസറി കൺസൾട്ടന്റ്സിനെയും നിയമിക്കുക
2. പ്രോജക്ട് നിർവഹണ യൂണിറ്റ് തയ്യാറാക്കുന്ന നിക്ഷേപ ഘടകങ്ങളുടെ ഡിസൈൻ അംഗീകരിക്കുക
3. പദ്ധതികളും ഉപപദ്ധതികളും തിരഞ്ഞെടുക്കുകയും മാർഗനിർദ്ദേശങ്ങൾ നല്കുകയും ചെയ്യുക
4. കരാറുകാരെ തിരഞ്ഞെടുക്കുക
5. സ്റ്റാൻഡേർഡ് ബിഡ് ഡോക്യുമെന്റ് തയ്യാറാക്കുക
6. ടെൻഡറിംഗ് മോണിട്ടർ ചെയ്യുക
7. ഉപകരണങ്ങളും സേവനങ്ങളും സംഭരിക്കുക
8. സംസ്ഥാന തലത്തിൽ എല്ലാ പ്രവർത്തനങ്ങളെയും ഏകോപിപ്പിക്കുക
9. സ്ഥാപനങ്ങളുടെ കാര്യശേഷി വർദ്ധനവിനും ഗുണനിലവാരത്തിനും വേണ്ടിയുള്ള പരിപാടികൾ നടപ്പിലാക്കുക
10. ഡോക്യുമെന്റേഷൻ

### പദ്ധതി നിർവഹണ യൂണിറ്റ്

പദ്ധതി നടപ്പിലാക്കുന്നതിന്റെ മേൽനോട്ടം വഹിക്കുന്നതിനുള്ള ചുമതല അതത് തദ്ദേശ സ്ഥാപനങ്ങളിൽ രൂപീകൃതമായിട്ടുള്ള പദ്ധതി നിർവഹണ യൂണിറ്റുകൾക്കാണ്.

കോർപ്പറേഷൻ തലത്തിലുള്ള പദ്ധതി നിർവഹണ യൂണിറ്റിന്റെ മേൽനോട്ടം അതത് കോർപ്പറേഷൻ കൗൺസിലിനാണ്. കോർപ്പറേഷൻ സെക്രട്ടറിയുടെ കീഴിൽ ഒരു പ്രോജക്ട് മാനേജരും സാങ്കേതിക വിദഗ്ദ്ധരും ഉൾപ്പെടുന്ന ഒരു ടീം പദ്ധതി നിർവഹണ യൂണിറ്റിൽ ഉണ്ടായിരിക്കും.

### *പ്രോജക്ട് നിർവഹണ യൂണിറ്റിന്റെ ചുമതലകൾ*

1. നടപ്പാക്കേണ്ട പദ്ധതികളുടെ സർവ്വെയും എസ്റ്റിമേറ്റും പ്ലാനും തയ്യാറാക്കുക
2. കരാറുകാരുടെ നിയമനത്തിലും ടെൻഡറിംഗിലും വേണ്ട ശുപാർശകൾ നല്കുക
3. കരാർ ജോലികൾ രേഖപ്പെടുത്തുകയും ഫണ്ട് നല്കുകയും ചെയ്യുക
4. ശുദ്ധജല വിതരണ പദ്ധതിയുമായി ബന്ധപ്പെട്ട ടെണ്ടർ ചെയ്യുന്നതിന് മുമ്പ് കേരള ജല അതോറിറ്റിയിൽ നിന്നും നിരാക്ഷേപ സർട്ടിഫിക്കറ്റ് (NOC) വാങ്ങേണ്ടതാണ്.
5. അതത് കോർപ്പറേഷനുകളിൽ നടപ്പിലാക്കുന്ന അടിസ്ഥാന സാമൂഹ്യ വികസന പദ്ധതികളുമായി ബന്ധപ്പെട്ട എഞ്ചിനീയറിംഗ്, സംഭരണം, മേൽനോട്ടം, ഗുണനിലവാരം മുതലായവയുടെ മേൽനോട്ടം പദ്ധതി നിർവഹണ യൂണിറ്റുകൾക്കാണ്.

കേരള സുസ്ഥിര നഗര വികസന പദ്ധതിക്കു വേണ്ടി കെ.എസ്.യു.ഡി.പി. പ്രോജക്ട് ഡയറക്ടർ ആനന്ദ്സിംഗ് ഐ.എ.എസ് പ്രസിദ്ധീകരിക്കുന്നത്
Tele: 0471—2332858/2332856, e-mail: iec@ksudp.org, iecksudp@gmail.com, pmuksudp@gmail.com http://www.ksudp.org
Layout & Printing: SB Press (P) Ltd, Statue, Thiruvananthapuram-1
*സ്വകാര്യ വിതരണത്തിനു മാത്രം*